**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 458** **03-11-2021 - ൽ മറുപടിയ്ക്ക്**

**ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. ലിന്റോ ജോസഫ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും നടപ്പാക്കാൻ സംസ്ഥാന തലത്തിൽ രൂപീകരിച്ച കൗൺസിലിന്റെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ക്ലിനിക്കൽ ആക്ട് പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സ്വകാര്യ ആശുപത്രികളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; | (എ) | 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിലെ അധ്യായം II, 4 -ാം വകുപ്പ് പ്രകാരമാണ് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും നടപ്പാക്കാൻ സംസ്ഥാന തലത്തിൽ രൂപീകരിച്ച കൗൺസിലിന്റെ ചുമതലകൾ വ്യവസ്ഥ ചെയ്തിരിക്കുന്നത്. (1) കൗൺസിൽ താഴെ പറയുന്ന ചുമതലകൾ നിർവഹിക്കേണ്ടതാണ്. (എ) ഈ ആക്ടിന്റെ പ്രാരംഭം മുതൽ രണ്ട് വർഷത്തിനകം ക്ലിനിക്കൽ സ്ഥാപനങ്ങൾ മുഖേന ശരിയായ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനുള്ള ആദ്യ ശ്രേണി നിലവാരം നിശ്ചയിക്കുക. (ബി) ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിക്കുകയും തരം തിരിക്കുകയും ഓരോവിഭാഗത്തിനും വേണ്ട നിലവാരം നിർണ്ണയിക്കുന്നതിനായി സർക്കാരിനോട് ശിപാർശ ചെയ്യുക; (സി) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഒരു സംസ്ഥാന രജിസ്റ്റർ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക (ഡി) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പരിശോധനയ്ക്കും വിലയിരുത്തലിനുമായി അസ്സസ്സർമാരുടെ പാനലിനെ നിയമിക്കുക (ഇ) ക്ലിനിക്കൽ സ്ഥാപനങ്ങൾ നിലനിർത്തിപ്പോരേണ്ടതായ നിലവാരം ഉറപ്പുവരുത്തുന്നതിനായി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആനുകാലിക പരിശോധന നടത്തുക (എഫ്) സാങ്കേതിക വിദ്യയിലോ സാമൂഹ്യ വ്യവസ്ഥകളിലോ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി ചട്ടങ്ങളിൽ ആവശ്യമായി വരുന്ന ഏതെങ്കിലും ഭേദഗതിക്കായി സർക്കാരിനോട് ശിപാർശ ചെയ്യുക (ജി)ക്ലിനിക്കൽ സ്ഥാപനങ്ങൾ നിർബന്ധമായും ലഭ്യമാക്കേണ്ടതായ |

| | | | |
|---|---|---|---|
| | | | ഡാറ്റയും വിവരങ്ങളും, അതിന്റെ കാലികാവസ്ഥ ഉൾപ്പെടെ, വിജ്ഞാപനം ചെയ്യുക: നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഡാറ്റാ വിശകലനം ചെയ്യുകയും അതിൻറെ ഫലം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക (എച്ച്) ഭാരത സർക്കാരോ, 2010-ലെ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്റ്റർ ചെയ്യലും നിയന്ത്രണവും) ആക്റ്റിൻ (2010-ലെ 23-ാം കേന്ദ്ര ആക്റ്റ്) കീഴിൽ രൂപീകരിക്കപ്പെട്ട ദേശീയ കൗൺസിലോ ആവശ്യപ്പെടുന്ന പ്രകാരം ദേശീയ രജിസ്റ്റർ നാളിതുവരെയായി പുതുക്കുന്നതിനുള്ള ആനുകാലിക റിട്ടേണുകൾ അയച്ചുകൊടുക്കുക (ഐ) പൊതുജനാരോഗ്യത്തിനും രോഗികളുടെയും ജീവനക്കാരുടെയും ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ആസന്ന വിപത്തിനുള്ള സാധ്യതയുണ്ടെന്ന് കരുതുന്ന അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് നിർദ്ദേശിക്കുക (ജെ) സർക്കാർ അതതുസമയങ്ങളിൽ അതിന് ഏൽപ്പിച്ചുകൊടുക്കുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക (2) കൗൺസിൽ അതതുസമയങ്ങളിൽ അതിനു യുക്തമെന്ന് തോന്നുന്ന നിരക്കിൽ രജിസ്ട്രേഷൻ ഫീസും മറ്റ് ഫീസുകളും നിർണ്ണയിക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യേണ്ടതാണ്. (3) ഒരു സ്ഥാപനം ക്ലിനിക്കൽ സ്ഥാപനമോ അല്ലയോ എന്നതു സംബന്ധിച്ച ഏതൊരു തർക്കവും സംസ്ഥാന കൗൺസിലിലേക്ക് റഫർ ചെയ്യേണ്ടതും, സംസ്ഥാന കൗൺസിൽ, തത്പരകക്ഷികൾക്ക് തെളിവ് ഹാജരാക്കുന്നതിനും പറയുവാനുള്ളത് പറയുവാനുള്ള ന്യായമായ ഒരവസരം നൽകിയതിനുശേഷം, അങ്ങനെയുള്ള തർക്കങ്ങൾ തീർപ്പാക്കേണ്ടതുമാണ് ക്ലിനിക്കൽ ആക്ട് പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സ്വകാര്യ ആശുപത്രികളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. |
| (ബി) | പൊതുജനാരോഗ്യത്തിന് വിപരീതമായി പ്രവർത്തിക്കുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കാനും ശിക്ഷിക്കുവാനും കൗൺസിലിന് അധികാരമുണ്ടോ; ഉണ്ടെങ്കിൽ ഇതിൻ പ്രകാരം ഇത്തരം സ്ഥാപനങ്ങൾക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; | (ബി) | 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിലെ അധ്യായം IV, 25 -ാം വകുപ്പിൽ 1, 2, ഉപവകുപ്പുകൾ പ്രകാരവും അധ്യായം V -26-ാം വകുപ്പ് പ്രകാരവും പൊതുജനാരോഗ്യത്തിന് വിപരീതമായി പ്രവർത്തിക്കുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കാനും ശിക്ഷിക്കുവാനും കൗൺസിലിന് അധികാരമുണ്ട്. വിവിധ ജില്ലകളിൽ നിന്ന് ലഭിക്കുന്ന പരാതികൾ അതാത് ജില്ലകളിലെ ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റിക്ക് നടപടി സ്വീകരിക്കുന്നതിനായി നൽകി വരുന്നു. അപ്രകാരം ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റിക്ക് ലഭിച്ച പരാതികളിൽ പത്തനംതിട്ട ജില്ലയിൽ 10 |

| | | | |
|---|---|---|---|
| | | | എണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 2 സ്ഥാപനങ്ങൾക്കെതിരെ പോലീസിൽ പരാതിപ്പെട്ട് ടി സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 10 പരാതികളിന്മേൽ അന്വേഷണം നടത്തി ടി വ്യാജ ചികിത്സാ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്. |
| (സി) | യോഗ്യതയും പരിശീലനവുമില്ലാതെ അശാസ്ത്രീയ ചികിത്സ നൽകി രോഗികളെ ചൂഷണം ചെയ്യുന്ന വ്യാജ ചികിത്സകർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (സി) | വ്യാജ ചികിത്സകർക്കെതിരെയുള്ള പരാതിയിന്മേൽ അന്വേഷണം നടത്തി പരാതി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ